"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ടെണ്ടർ/ഇ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കാതെയും പഞ്ചായത്ത് ഭരണ സമിതി തീരുമാനമില്ലാതെയും ചുമതലക്കാരനെ നിശ്ചയിച്ച് 2021 ഏപ്രിൽ, മേയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.2779/2022/LSGD** തീയതി,തിരുവനന്തപുരം, **10-11-2022**

---

പരാമർശം:-

1. 15/02/2021 തീയതിയിലെ സ.ഉ.(സാധാ)നം.446/2021/തസ്വഭവ നമ്പർ ഉത്തരവ്
2. ചെറുതാഴം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 26/02/2021 തീയതിയിലെ തീരുമാനം നമ്പർ 2(2)/2021
3. ചെറുതാഴം ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 17/11/2021 തീയതിയിലെ തീരുമാനം നമ്പർ 2(2)/2021

4 ചെറുതാഴം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 07.01.2022- ലെ കത്ത്

5 പഞ്ചായത്ത് ഡയറക്ടറുടെ 26.08.2022-ലെ PAN/5553/2022-J4(DP) നമ്പർ കത്ത്

**ഉത്തരവ്**

കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിന് തുക ചെലവഴിക്കുന്നതിന് പഞ്ചായത്തുകൾക്ക് യഥേഷ്ടനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് 31/03/2021 വരെ ചെലവഴിക്കാവുന്നതുക 5.5 ലക്ഷം രൂപയും 01/04/2021 മുതൽ 31/05/2021 വരെ ചെലവഴിക്കാവുന്ന തുക 11 ലക്ഷം രൂപയും ആണ്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെറുതാഴം ഗ്രാമ പഞ്ചായത്ത് പരിധിയിലെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ചെറുതാഴം ഗ്രാമ പഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ വരൾച്ച ദുരിതാശ്വാസം - കുടിവെള്ള വിതരണം എന്ന പദ്ധതി ധനകാര്യകമ്മീഷൻ ഗ്രാന്റ് 10,00,000/- രൂപ വകയിരുത്തി പദ്ധതി തയ്യാറാക്കുകയും ആയതിനു ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിരുന്നെങ്കിലും പ്രസ്തുത തുക 2021-22 വർഷം ചെലവഴിക്കപ്പെടാത്തതിനാൽ പ്രസ്തുത തുക 2022-23 വർഷത്തെ വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു.

2. കിലോമീറ്റർ നിരക്കിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യാൻ തയ്യാറാണെന്ന് രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ 09.03.2022-ന്

സമർപ്പിക്കപ്പെട്ട 3 ക്വട്ടേഷനുകളിൽ കിലോമീറ്ററിന് 82.50 രൂപ രേഖപ്പെടുത്തി ശ്രീ.അഭിലാഷ്.കെ.പി. എന്നയാൾ സമർപ്പിച്ച ക്വട്ടേഷനായിരുന്നു ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് എങ്കിലും നിയമസഭയിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ്, കോവിഡ് രണ്ടാം തരംഗ സമയത്തുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിൽ വ്യാപൃതമായതിനാൽ പ്രസ്തുത ക്വട്ടേഷൻ അംഗീകരിച്ച് ശ്രീ.അഭിലാഷ് .കെ.പി-യെ ചുമതലപ്പെടുത്തി പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുക്കുന്നതിനു മുൻപ് ടിയാളെ കുടിവെള്ള വിതരണത്തിനായി ചുമതലപ്പെടുത്തിയ നടപടിക്ക് സാധൂകരണം നൽകണമെന്നും ഈ ഇനത്തിലുള്ള തുക (8,19,468/- രൂപ) 2022-23 വർഷത്തെ പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും ചെറുതാഴം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ പരമാർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. കിലോമീറ്റർ നിരക്കിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്യാൻ തയ്യാറാണെന്ന് രേഖപ്പെടുത്തി ഗ്രാമ പഞ്ചായത്തിൽ 09.03.2022-ന് സമർപ്പിക്കപ്പെട്ട 3 ക്വട്ടേഷനുകളിൽ കിലോമീറ്ററിന് 82.50 രൂപ രേഖപ്പെടുത്തി ശ്രീ.അഭിലാഷ് .കെ.പി. എന്നയാൾ സമർപ്പിച്ച ക്വട്ടേഷനായിരുന്നു ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരുന്നത് എങ്കിലും പ്രസ്തുത ക്വട്ടേഷൻ അംഗീകരിച്ച് ശ്രീ.അഭിലാഷ് .കെ.പി-യെ ചുമതലപ്പെടുത്തി പഞ്ചായത്ത് തീരുമാനം എടുത്തിരുന്നില്ല എന്നും എന്നാൽ KL-18 F 6195 നമ്പർ വാഹനം 11/04/2021 മുതൽ 31/05/2021 വരെ കുടിവെള്ള വിതരണം ചെയ്യുന്നതിന് 7307.45 കിലോമീറ്റർ ഓടിയതിന്റെയും KL-13 V 2336 നമ്പർ വാഹനം 01/05/2021 മുതൽ 17/05/2021 വരെ കുടിവെള്ള വിതരണം ചെയ്യുന്നതിന് 2625.5 കിലോമീറ്റർ ഓടിയതിന്റെയും ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് എന്നിവർ സാക്ഷ്യപ്പെടുത്തിയ ട്രിപ്പ് ഷീറ്റ് ജി.പി.എസ്സ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും തുടർന്ന് 20/07/2021-ന് ശ്രീ.അഭിലാഷ് കെ.പി കുടിവെള്ള വിതരണം നടത്തിയ വകയിൽ 8,19,468/- രൂപ അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. രേഖകൾ പരിശോധിച്ചതിൽ ക്വട്ടേഷനുകൾ പരിഗണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട നടപടി രേഖകൾ സെലക്ഷൻ നോട്ടീസ് വർക്ക് ഓർഡർ എന്നിവ ലഭ്യമായിട്ടില്ല എന്നും അടിയന്തിര നടപടി ആവശ്യമുള്ളതിനാൽ പ്രസിഡന്റ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ അഭിലാഷ് കെ.പി എന്നയാളെ നേരിട്ട് വിളിച്ചു വരുത്തി അടിയന്തിരമായി കുടിവെള്ള വിതരണം നടത്തുന്നതിനുള്ള നിർദ്ദേശം നൽകുകയാണ് ചെയ്തത് എന്നാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതെന്നും, കുടിവെള്ളം ആവശ്യമുള്ളവർക്ക് ആയത് കൃത്യമായി ലഭിച്ചിട്ടുണ്ട് എന്ന് ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ വാഹനത്തിന്റെ ട്രിപ്പ് സാക്ഷ്യപ്പെടുത്തിയതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഫയലിൽ ലഭ്യമായ ജി.പി.എസ്സ് രേഖകൾ പരിശോധിച്ച് വാഹനം ഓടിയ കിലോമീറ്റർ കൃത്യമാണെന്ന് ബോധ്യപ്പെട്ടതായും വാട്ടർ അതോറിറ്റിയുടെ കിയോസ്കിലൂടെ ശുദ്ധമായ കുടിവെള്ളം നൽകിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനിയർ കേരള വാട്ടർ അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുണ്ട് എന്നും ലഭ്യമായ ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ

കരാറുകാരൻ വഴി ശുദ്ധജലം കൃത്യതയോടെ വിതരണം നടത്തപ്പെട്ടിട്ടുണ്ട് എന്ന് ഇക്കാലയളവിലെ ഗ്രാമ പഞ്ചായത്ത് അതോറിറ്റി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാലും വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഉൾപ്പെടെയുള്ള രേഖകൾ ഉള്ളതിനാലും ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ് എന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ടെണ്ടർ/ഇ ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയാക്കാതെയും പഞ്ചായത്ത് ഭരണ സമിതി തീരുമാനമില്ലാതെയും ചുമതലക്കാരനെ നിശ്ചയിച്ച് 2021 ഏപ്രിൽ മേയ് മാസങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ ചെറുതാഴം ഗ്രാമ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഈ ഇനത്തിലുള്ള തുകയായ 8,19,468/- (എട്ടുലക്ഷത്തി പത്തൊമ്പതിനായിരത്തി നാന്നൂറ്റി അറുപത്തെട്ട് )രൂപ 2022-23 വർഷത്തെ പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു ചെറുതാഴം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)<br>
SHEEJA.R.S.<br>
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, ചെറുതാഴം ഗ്രാമപഞ്ചായത്ത്, കണ്ണൂർ<br>
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്<br>
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം<br>
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം<br>
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം<br>
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം<br>
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം<br>
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്<br>
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്